# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

## പ്രവാസി കേരളീയ ക്ഷേമ ബോർഡ് – അംഗത്വത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട വിധം

വിദേശത്ത് ജോലി ചെയ്യുന്നവർക്കും, വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ചു വന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും, കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി കുറഞ്ഞത് ആറുമാസമായി താമസിച്ചു വരുന്നവർക്കും, അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകരുടെ പ്രായം 18 നും 60 നും മധ്യേയായിരിക്കണം. സർക്കാർ, അർദ്ധ സർക്കാർ / മറ്റുസ്ഥാപനങ്ങളിൽ ജോലി ലഭിക്കുകയും പെൻഷന് അർഹത നേടുകയും ചെയ്യുന്നവർക്ക് ക്ഷേമ ബോർഡിൽ അംഗത്വത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. മറ്റു ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്ക് ഉപാധികൾക്ക് വിധേയമായി മാത്രമേ ഇതിൽ അംഗത്വമെടുക്കാൻ സാധിക്കുകയുള്ളൂ. അപേക്ഷ സമർപ്പിക്കാൻ ഉപയോഗിക്കേണ്ട ഫോറം, അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ട രേഖകൾ, രജിസ്ട്രേഷൻ ഫീസ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകർ | ഉപയോഗിക്കേണ്ട ഫോറം | അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | **വിദേശത്ത് ജോലി ചെയ്യുന്നവർ** [പ്രവാസി കേരളീയൻ (വിദേശം)] | ഫോറം നമ്പർ 1A | 1) ജനനതീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്*<br>2) പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് *<br>3) പ്രാബല്യത്തിലുള്ള വിസയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് *<br>* അപേക്ഷകർ വിദേശത്തുനിന്ന് അപേക്ഷിക്കുകയാണെങ്കിൽ പാസ്പോർട്ടിന്റെയും വിസയുടെയും പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി സമർപ്പിച്ചാൽ മതി. പിന്നീട് മൂന്നുവർഷത്തിനകമോ അല്ലെങ്കിൽ ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനുമുമ്പോ ഏതാണോ ആദ്യം എന്ന നിലയിൽ രേഖകളുടെ ഒറിജിനൽ ബന്ധപ്പെട്ട പ്രവാസി ക്ഷേമനിധി അധികാരികളുടെ മുന്നിൽ ഹാജരാക്കി സാക്ഷ്യപ്പെടുത്തുകയോ അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രേഖകളുടെ പകർപ്പ് ഹാജരാക്കുകയോ ചെയ്യണം |
| 2 | **വിദേശത്ത് നിന്ന് തിരിച്ചു വന്നവർ [മുൻ പ്രവാസി കേരളീയൻ (വിദേശം)]** | ഫോറം നമ്പർ 1B | 1) *ജനനതീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>2) പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4) വിദേശത്ത് താമസിച്ചത് തെളിയിക്കുന്നതിനുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>5) രണ്ട് വർഷത്തിൽ കുറയാത്ത കാലയളവിൽ പ്രവാസി കേരളീയനായിരുന്നുവെന്നും തിരിച്ചുവന്ന് ഇപ്പോൾ കേരളത്തിൽ സ്ഥിരതാമസമാക്കിയതാണെന്നും തെളിയിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി/ഒരു ഗസറ്റഡ് ഓഫീസർ/നിയമസഭാംഗം/പാർലമെന്റ് അംഗം ഇവരിൽ ആരിൽനിന്നെങ്കിലുമുള്ള സാക്ഷ്യപത്രം. |
| 3 | **ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ താമസിക്കുന്നവർ [പ്രവാസി കേരളീയൻ (ഭാരതം)]** | ഫോറം നമ്പർ 2A | 1) *ജനനതീയതി തെളിയിക്കുന്ന രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>2) അപേക്ഷകൻ കേരളത്തിന് പുറത്ത് ഇന്ത്യയിൽ ആറുമാസത്തിലധികമായി താമസിക്കുന്ന പ്രവാസി കേരളീയനാണെന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി/ഒരു ഗസറ്റഡ് ഓഫീസർ/നിയമസഭാംഗം/പാർലമെന്റ് അംഗം ഇവരിൽ ആരിൽനിന്നെങ്കിലുമുള്ള സാക്ഷ്യപത്രമോ റേഷൻ കാർഡോ ബോർഡ് നിശ്ചയിക്കുന്ന വിധമുള്ള രേഖയോ ഹാജരാക്കണം.<br>3) കേരളത്തിന് പുറത്ത് ഇന്ത്യയിൽ എവിടെയെങ്കിലും തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും ഏതെങ്കിലും വ്യവസായം/ബിസിനസ്സ്/സ്ഥാപനം നടത്തുകയാണെങ്കിൽ അത് സംബന്ധിച്ചും സ്വയം തൊഴിൽ ചെയ്യുകയാണെങ്കിൽ അത് സംബന്ധിച്ചും അല്ലെങ്കിൽ എന്തിന് വേണ്ടിയാണ് താമസിക്കുന്നത് എന്നത് സംബന്ധിച്ചും ബന്ധപ്പെട്ട് സംസ്ഥാനത്തെ തൊഴിലുടമയിൽ നിന്നോ, സ്ഥാപന അധികാരിയിൽനിന്നോ വില്ലേജ് ആഫീസറിൽ നിന്നോ തത്തുല്യപദവിയിൽ കുറയാത്ത മറ്റേതെങ്കിലും അധികാരിയിൽ നിന്നോ ഉള്ള സാക്ഷ്യപത്രമോ ബോർഡ് നിശ്ചയിക്കുന്ന രേഖകളോ ഹാജരാക്കണം. |

* ജനന തീയതി/വയസ് തെളിയിക്കുവാൻ ജനന-മരണ രജിസ്ട്രാറുടെ സാക്ഷ്യപത്രം സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.

| ജില്ല | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | രജിസ്ട്രേഷൻ ഫീസ് |
|---|---|---|
| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | The Chief Executive Officer, Kerala Non-Resident Keralites' Welfare Board, NORKA Centre (II Floor), Near Govt. Guest House, Thycaud P.O, Thiruvananthapuram-695014. **Phone - +91 471 2785500, Fax - +91 471 2785501, website : www.pravasiwelfarefund.org** | 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. **ഇന്ത്യൻ ബാങ്കിന്റെയോ എസ്.ബി.റ്റി. യുടേയോ** ഏതെങ്കിലും ഒരു ശാഖയിൽ 200 രൂപ Pay-in-slip മുഖാന്തിരം അടയ്ക്കാവുന്നതാണ്. Pay-in-slip ന്റെ ഫോം ബോർഡിന്റെ വെബ്സൈറ്റിൽ നിന്ന് ലഭ്യമാണ്. **Website address : www.pravasiwelfarefund.org** രജിസ്ട്രേഷൻ ഫീസ് അടച്ച Pay-in-slip ഉം മേൽ സൂചിപ്പിച്ച രേഖകളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. **www.pravasiwelfarefund.org** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായും അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| ആലപ്പുഴ,കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ | The District Executive Officer, Kerala Non-Resident Keralites' Welfare Board, IInd Floor, Sree Sai Building, Ravipuram Road, Cochin- 682016. **Phone -0484-2357566** | |
| പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | The District Executive Officer, Kerala Non-Resident Keralites' Welfare Board, I[st] Floor, Zamorin Square, Link Road, Kozhikode - 02. **Phone -0495-2304604** | |

**നിശ്ചിതയോഗ്യതകളില്ലാത്തതും അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. നിരസിക്കപ്പെടുന്ന അപേക്ഷകളുടെ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതല്ല.**